കെ.എസ്.എ.കെ.ടി.എം. പി5/1944/16 തീയതി: 31.12.16

കോട്ടയംജില്ലയിലെ ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.16 മുതൽ 30.11.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.എം.വി.സിനി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14-11-2016 മുതൽ 21-11-2016വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | .ശ്രീമതി.രേഖ.ആർ | ഓഡിറ്റ്ഓഫീസർ(ഹ. ഗ്രേ) |
| | ശ്രീ.പി.ജി.പ്രസാദ് | ഓഡിറ്റ്ഓഫീസർ |
| | ശ്രീ.മുഹ്സിൻ ഫൈസൽ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.രാജേഷ്.എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീ.സി.കെ രാമചന്ദ്രൻ നായർ | 1-4-15 മുതൽ 30-11-15 വരെ |
| | അഡ്വ.ജയ ശ്രീധർ | 11-12-15 മുതൽ 31-3-16 വരെ |
| സെക്രട്ടറി | ശ്രീ.പി.റ്റി.ഉസ്മാൻ | 1-4-15 മുതൽ 29-2-16 വരെ |
| | ശ്രീമതി.ഗിരിജകുമാരി അയ്യപ്പൻ (സെക്രട്ടറി ഇൻ ചാർജ്) | 1-3-16 മുതൽ 31-3-16വരെ |

മറ്റു നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ബെസ്സി വർഗ്ഗീസ് | 1-4-15 മുതൽ 31-3-16വരെ. |

| | | |
|---|---|---|
| അസി.എൻജിനീയർ | ശ്രീ.ദിലീപ്കുമാർ.റ്റി | 1-4-15 മുതൽ 11-5-15വരെ 12.5.12-31.5.15 വരെ ആർക്കും ചാർജില്ല |
| | ശ്രീ.ജോഷി ജോസഫ് | 1-6-15മുതൽ31-3-16വരെ |
| വെറ്ററിനറി സർജൻ | ഡോ.ഡെന്നീസ് തോമസ് | 1-4-15മുതൽ 31-3-16വരെ. |
| വി.ഇ.ഒ | ശ്രീ.അബ്ദുൾ ബഷീർ | 1-4-15മുതൽ 31-3-16വരെ |
| | ശ്രീമതി.സബിത.കെ.ദിവാകരൻ | 1-4-15 മുതൽ 31-7-15വരെ |
| | ശ്രീ. അബ്ദുൾ ബഷീർ | 1.8.15 മുതൽ 1.12.15 വരെ |
| | ശ്രീമതി.സോഫിമോൾ | 2-12-15 മുതൽ 31-3-16 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ - | ശ്രീമതി.ഷിമിമോൾ.പി | 1-4-2015മുതൽ 14-1--2016വരെ |
| | ശ്രീമതി.ജിനു മേരി ബഞ്ചമിൻ | 15-1--2016മുതൽ31-3-16വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.സന്തോഷ് തോമസ് | 1-4-15 മുതൽ 31-3-16വരെ. |
| മെഡി.ഓഫീസർ (ഹോമിയോ) | ഡോ.റ്റി.ജെ.മാനുവൽ | 1-4-15മുതൽ 21-5-15വരെ. |
| | ഡോ.റോയി മാത്യൂ | 22-5-15മുതൽ 31-3-16 വരെ |
| മെഡി.ഓഫീസർ (അലോപ്പതി) | ഡോ.ജോസഫ് ആന്റണി | 1-4-15 മുതൽ 31-3-16 വരെ. |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ഗിരിജാകുമാരി അയ്യപ്പൻ | 1-4-15 മുതൽ 31-3-16വരെ. |
| ഹെഡ് മാസ്റ്റർ | ശ്രീമതി.പി.ഡി.ഉഷ | 1-4-15 മുതൽ 31-3-16 വരെ. |

ഉള്ളടക്കം


| |
|---|
| ഉള്ളടക്കം<br>വിഷയം |
| ഭാഗം 1-പൊതു അവലോകനം |

| |
|---|
| 1-1 ബജറ്റ് |
| 1-2 വാർഷിക ധനകാര്യപത്രിക |
| 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 സാമ്പത്തിക വിശകലനം |
| 1-5 ഫണ്ട് വിനിയോഗം |
| 1-6 പദ്ധതി അവലോകനം |
| 1-7 തനത് വരുമാനം |
| 1-8 ക്ഷേമ പദ്ധതികൾ |
| 1-9 ക്യാഷ് വെരിഫിക്കേഷൻ |
| 1-10 ആഭ്യന്തരനിയന്ത്രണം |
| 1-11 മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2-വരവുകണക്കുകൾ |
| 2-1 വാർഷികകണക്കുകളുടെ അവലോകനം |
| 2-2-1 വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിച്ചു |
| 2-2-2 വിമുക്തഭടന്മാർക്ക് വസ്തുനികുതി ഇളവ് സർക്കാർ ഉത്തരവ് പാലിക്കുന്നില്ല |
| 2-2-3 വസ്തുനികുതി- അനർഹമായ ഇളവുകൾ നൽകുന്നു. |
| 2-2-4 മൊബൈൽ ടവറുകൾ – നികുതി ഈടാക്കുന്നില്ല |
| 2-3-1 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് |
| 2-3-2 തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല |
| 2-4 ഷോപ്പിങ് കോംപ്ലക്സ് വാടക- ബൈലോ തയ്യാറാക്കിയിട്ടില്ല |
| 2-5 തേക്കിൻതടി ലേലം ചെയ്തില്ല |
| ഭാഗം 3--ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |

| |
|---|
| 3-1 കട്ടുത്തുകൂലി പൊതുമരാമത്ത് വകുപ്പിൽ നിന്ന് ഈടാക്കിയില്ല |
| 3-2 പഞ്ചായത്ത് ഓഫീസ് നിർമാണം- അധികച്ചെലവ് |
| 3-3 കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ ചെയ്യേണ്ടിയിരുന്ന വേലയ്ക്ക് പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചു |
| 3-4 ഫർണിച്ചർ വാങ്ങൽ- സാധനങ്ങൾ പൂർണമായും വിതരണം ചെയ്തിട്ടില്ല |
| 3-5 തുകയുടെ വിനിയോഗം/ പ്രോജക്ടിന്റെ പൂർത്തീകരണവിവരം ഇല്ല |
| ഭാഗം 4--പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം |
| 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 വായ്പ/വായ്പ തിരിച്ചടവ് |
| 4-5 സ്ഥിരനിക്ഷേപങ്ങൾ |
| 4-6 ഓഡിറ്റ് റിക്കവറി |
| 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 ഓഡിറ്റ് പ്രത്യവലോകനം |
| 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| ഓഡിറ്റ് സാക്ഷ്യപത്രം 2015-16 |
| ബാലൻസ് ഷീറ്റ് 2015-16 |
| ഇൻകം അന്റ് എക്സ്പെൻഡിച്ചർ 2015-16 |
| റസീപ്റ്റ് ആന്റ് പെയ്മെന്റ് 2015-16 |


## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 24.3.15 തിയതിയിലെ 1 - തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 10928522 | 40155907 | 29227385 | |
| വരവ് | 91412233 | 56995292 | | 34416941 |
| ആകെ | 102340755 | 97151199 | | 5189556 |
| ചെലവ് | 98008800 | 69527297 | | 28481503 |
| നീക്കിയിരിപ്പ് | 4331955 | 27623902 | 23291947 | |

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.7.2016 | 29.7.16 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് റിപ്പോർട്ടിന്റെ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്

*(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)*

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 40155907.44 |
| വരവ് | 56995292 |
| ആകെ | 97151199.44 |
| ചെലവ് | 69527297 |
| നീക്കിയിരിപ്പ് | 27623902.44 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 398196 | 10075476 | 10473672 | 10473672 | --- | 00 |
| എസ്.സി.പി | 973399 | 1896876 | 2870275- | 2870275 | -- | 00 |
| റ്റി.എസ്. പി | 31084 | 278784 | 30968 | 278784 | 31084 | 00 |
| ധനകാര്യ | 506889 | 4844257 | 5351146 | 4533792 | 817354 | 00 |

| | | | | | | |
|---|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് | | | | | | |
| ലോകബാങ്ക് | 3893000 | 00 | 3893000 | 3893000 | -- | 00 |
| സംരക്ഷണഗ്രാന്റ് റോഡ് | 1190172 | 10242962 | 11433134 | 1143134 | -- | 00 |
| നോൺറോഡ് | 954079 | 1243914 | 2197993/ | 2197993 | -- | 00 |
| എൻ.ആർ.ഇ. ജി | 21813/- | 209620 | 231433 | 230213 | -- | 1220- |
| ജില്ലാ പഞ്ചായത്ത് | 103816/- | -- | 103816/- | 103816/- | -- | 00 |

## 1-6 <u>പദ്ധതി അവലോകനം.</u>

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 236 | 83112469 | 184 | 51463179 | - | 52 | 77% |

നേട്ടങ്ങൾ

2015-16 വർഷം അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടുത്തി പഞ്ചായത്തിന് പുതിയ കെട്ടിടം നിർമ്മിക്കുവാൻ സാധിച്ചിട്ടുണ്ട്.ഉല്പാദന മേഖലയിൽ ഗ്രോബാഗ് വിതരണം,പച്ചക്കറി തൈ വിതര ണംജലസേചന ക്കി ണർ,തെങ്ങിന് വളം,തൊഴുത്ത്,പശുവാങ്ങൽ, കന്നുകുട്ടി പരിപാലനം എന്നിവ വിജയകരമായി നടപ്പാക്കി.സേവന മേഖലയിൽ അംഗനവാടികളുടെ നവീകരണം,ചുറ്റമതിൽ നിർമ്മാണം ,കുടിവെള്ള പദ്ധതികൾ എന്നിവയും നടപ്പാക്കുകയുണ്ടായി.

കോട്ടങ്ങൾ

ടെലിഫിലിം നിർമ്മാണത്തിനായി മീഡിയാശ്രീക്ക് തുക നൽകിയെങ്കിലും തുടർ പ്രവർത്തനങ്ങളൊന്നും നടന്നില്ല.

## 1-7 <u>തനത് വരുമാനം.</u>

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 9675604 | 8044963 | 1630641 |
| നികുതിയേതര വരവുകൾ | 4075563 | 3004115 | 1071448 |
| മറ്റുവരവുകൾ | 923408 | 878844 | 44564 |
| ആകെ | 14674575 | 11927922 | 2746653 |

## 1-8 <u>ക്ഷേമപദ്ധതികൾ</u>

1-8 തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| | | |
| തൊഴിൽരഹിത വേതനം | 172680 | 135 |
| കർഷകതൊഴിലാളി പെൻഷൻ | 1211640 | 166 |
| വിധവാപെൻഷൻ | 9699240 | 949 |
| വാർദ്ധക്യകാലപെൻഷൻ | 7083030 | 1179 |
| വികലാംഗപെൻഷൻ | 2104980 | 224 |

## 1-10 ആഭ്യന്തരനിയന്ത്രണം.

ഓഫീസ് ഉത്തരവുകൾ മുഖാന്തിരം വിവിധസെക്ഷനുകളിലെ ജോലികളു ഉത്തരവാദിത്തങ്ങളും കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്.പഞ്ചായത്തിന്റെ പ്രധാനവരുമാനമായ വസ്തുനികുതിയിനത്തിൽ 72ലക്ഷത്തോളവും,വാടകയിനത്തിൽ 5.4ലക്ഷത്തോളവും കുടിശിക നിലനില്ക്കുന്നതിൽ നിന്ന് നികുതിപിരിവ് കാര്യക്ഷമമായിരുന്നില്ല എന്ന് വ്യക്തമാകുന്നു. തനത്ഫണ്ട് വൗച്ചറുകളിലെ ചെലവുകളെ സാധൂകരിക്കുന്ന അനുബന്ധ രജിസ്റ്ററുകളായ ഡെപ്പോസിറ്റ് ,അഡ്വാൻസ് രജിസ്റ്ററുകൾ എന്നിവ സൂക്ഷിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.11.16&20.11.16 | 10/16 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1/2014 | 2009-10 മുതൽ 2013-14 വരെ | 29/09/14 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനം

1)26.7.11ലെ ജി.ഒ.(എംഎസ്) 152/11 നിർദ്ദേശങ്ങൾ പാലിച്ച് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2)നികുതി/നികുതിയേതര വരവിന്റെ യഥാർത്ഥ കണക്കുകൾ ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല

3)ഡെപ്പോസിറ്റ് രജിസ്റ്റർ ,അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിൽ കാണിച്ചിരിക്കുന്ന തുകകളുടെ കൃത്യത വ്യക്തമല്ല.

4) ബാലൻസ്ഷീറ്റ് ബി5 ഷെഡ്യൂൾ പ്രകാരം സെക്യൂവേഡ് ലോൺ ഇനത്തിൽ 2296446/-രൂപയാണ് അടയ്ക്കാൻ അവശേഷിക്കുന്നത്.എന്നാൽ രജിസ്റ്റർ പ്രകാരം 2914860/-രൂപയാണ് അടയ്ക്കാൻ അവശേഷിക്കുന്നത്. ബാലൻസ് ഷീറ്റിലെ ബി5, ബി16 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല.

5)ബാലൻസ്ഷീറ്റ് ബി12 ഷെഡ്യൂൾ പ്രകാരം ഇൻവെസ്റ്റ്മെന്റ് ഇനത്തിൽ 11349508രൂപയാണ് നീക്കിയിരുപ്പ്.എന്നാൽ രജിസ്റ്റർ പ്രകാരം 31.3.16ലെ നീക്കിയിരുപ്പ് 12412025.66 രൂപയാണ്.

6)ബാലൻസ്ഷീറ്റ് ബി-9 ഷെഡ്യൂൾ പ്രകാരമുള്ള ബാദ്ധ്യത തുകകളും ബിൽരജിസ്റ്ററിലെ തുകകളും പൊരുത്തപ്പെടുന്നില്ല.

| ഇനം | ബി-9 ഷെഡ്യൂൾ പ്രകാരം | ബിൽരജിസ്റ്റർ പ്രകാരം |
|---|---|---|
| പെൻഷൻകോൺട്രിബ്യൂഷൻ | 49556 | 44045 |
| എസ്.എൽ.ഐ | 3175 | 2975 |
| ജി.ഐ.എസ് | 3700 | 2750 |

## 2-2-1 വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിച്ചു

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം വസ്തു നികുതി പരിഷ്കരിക്കുന്നതിന് ചിറക്കടവ് ഗ്രാമപഞ്ചായത്ത് 09.12.2011-ൽ ഡി-8898/2011 നമ്പറായി വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് 40/-രൂപ നിരക്കിലും അതിൽക്കൂടുതൽ തറവിസ്തീർണമുള്ളവയ്ക്ക് 60/-രൂപ നിരക്കിലുമാണ് വസ്തു നികുതി നിശ്ചയിച്ചിരുന്നത്. എന്നാൽ വാണിജ്യാവശ്യങ്ങൾക്കുപയോഗിക്കുന്നതും (1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം,203(2)(എ) ,2011-ലെ ചട്ടങ്ങളിലെ , ചട്ടം4(1)(iv) എന്നിവ കാണുക.) 2015-16വർഷം നികുതി നിർണയിക്കപ്പെട്ടതുമായ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് , കെട്ടിടത്തിന്റെ ആകെ വിസ്തീർണം പരിഗണിക്കാതെ ഓരോ മുറിയ്ക്കും പ്രത്യേകമായി നികുതി നിശ്ചയിക്കുക വഴിയും കുറഞ്ഞ നിരക്കിൽ നികുതി നിർണയിച്ചതു മൂലവും പഞ്ചായത്ത് ഫണ്ടിന് ഗണ്യമായ തുക നഷ്ടമായി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1 | ഷിബു സഖറിയ, മൊളോപ്പറമ്പിൽ, പൊൻകുന്നം പി.ഒ<br>(ആകെ പ്ലിന്ത് ഏരിയ 415.68 ച.മീ) | | |
| | നിർണ്ണയിച്ച നികുതി<br>(40 രൂപ നിരക്കിൽ) | നിർണ്ണയിക്കേണ്ടിയിരുന്ന നികുതി<br>(60രൂപ നിരക്കിൽ) | വ്യത്യാസം |
| II/479A<br>60.47m2 | അടിസ്ഥാന നികുതി 2418.80<br>വർദ്ധനവ് റോഡ്20% 483.76 | 3628.20<br>725.64 | 1995.07 |

| | | | |
|---|---|---|---|
| | വർദ്ധനവ് തറ15% 00.00<br>ആകെ 2903.00<br>ലൈബ്രറിസെസ് 146.00 | 544.23<br>4898.07<br>245.00 | 99.00 |
| II/479B<br>49.83m2 | അടിസ്ഥാന നികുതി 1993.20<br>വർദ്ധനവ് റോഡ്20% 398.64<br>വർദ്ധനവ് തറ115% 00.00<br>ആകെ 2392.00<br>ലൈബ്രറിസെസ് 120.00 | 2989.80<br>597.96<br>448.47<br>4036.23<br>201.81 | 1644.39<br>82.00 |
| II/479C<br>48.63m2 | അടിസ്ഥാന നികുതി 1945..20<br>വർദ്ധനവ് റോഡ്20% 389.04<br>വർദ്ധനവ് തറ15% 00.00<br>ആകെ 2335.00<br>ലൈബ്രറിസെസ് 117.00 | 2917.80<br>583.56<br>437.67<br>3939.03<br>196.95 | 1604.03<br>79.95 |
| II/479D<br>37.81m2 | അടിസ്ഥാന നികുതി 1512.40<br>വർദ്ധനവ് റോഡ്20% 302.48<br>വർദ്ധനവ് തറ15% 00.00<br>ആകെ 1815.00<br>ലൈബ്രറിസെസ് 91.00 | 2268.60<br>453.72<br>340.29<br>3062.61<br>153.13 | 1247.61<br>62.13 |

| | | | |
|---|---|---|---|
| II/479E<br>60.47m2 | അടിസ്ഥാനനികുതി2418.80<br>വർദ്ധനവ്റോഡ്20%483.76<br>വർദ്ധനവ് തറ15% 00.00<br>ആകെ 2903.00<br>ലൈബ്രറിസെസ് 146.00 | 3628.20<br>725.64<br>544.23<br>4898.07<br>245.00 | 1995.07<br>99.00 |
| II/479F<br>62.58m2 | അടിസ്ഥാനനികുതി 2503.20<br>വർദ്ധനവ്റോഡ്20%500.64<br>വർദ്ധനവ് തറ15% 00.00<br>ആകെ 3004.00<br>ലൈബ്രറിസെസ് 151.00 | 3754.80<br>750.96<br>563.22<br>5068.98<br>253.44 | 2064.98<br>102.44 |
| II/479G<br>53.95m2 | അടിസ്ഥാന നികുതി 2158.80<br>വർദ്ധനവ് റോഡ്20% 431.60<br>വർദ്ധനവ് തറ15% 00.00<br>ആകെ 2590.00<br>ലൈബ്രറിസെസ് 130.00 | 3237.00<br>647.40<br>485.55<br>4369.95<br>218.49 | 1779.95<br>88.49 |
| II/479H<br>41.94m2 | അടിസ്ഥാന നികുതി 1677.60<br>വർദ്ധനവ് റോഡ്20% 335.52<br>വർദ്ധനവ് തറ15% 00.00<br>ആകെ 2014.00<br>ലൈബ്രറിസെസ് 101.00 | 2516.40<br>503.28<br>377.46<br>3397.14<br>169.85 | 1383.14<br>68.85 |

| | | | |
|---|---|---|---|
| | | | |
| | ആകെ കുറവ് | | 13714.24<br>681.86 |
| 2 | ജോയിതോമസ്.മുതുപ്ളാക്കൽ കളത്തുക്കടവ്<br>(ആകെ പ്ളിന്ത് ഏരിയ 193.60 ച.മീ) | | |
| III/411E<br>53.47m2 | അടിസ്ഥാന നികുതി 2138.80<br>വർദ്ധനവ് റോഡ്20% 427.76<br>വർദ്ധനവ് തറ15% 00.00<br>ആകെ 2567.00<br>ലൈബ്രറിസെസ് 129.00 | 3208.20<br>641.64<br>00<br>3849.84<br>192.49 | 1282.84<br>63.49 |
| III/411B<br>86.65m2 | അടിസ്ഥാന നികുതി 3466.00<br>വർദ്ധനവ് റോഡ്20% 693.20<br>വർദ്ധനവ് തറ15% 00.00<br>ആകെ 4160.00<br>ലൈബ്രറിസെസ് 208.00 | 5199.00<br>1039.80<br>00<br>6238.80<br>311.94 | 2078.80<br>103.94 |
| III/411C<br>53.48m2 | അടിസ്ഥാന നികുതി 2139.20<br>വർദ്ധനവ് റോഡ്20% 427.84<br>വർദ്ധനവ് തറ15% 00.00<br>ആകെ 2568.00<br>ലൈബ്രറിസെസ് 129.00 | 3208.80<br>641.76<br>00<br>3850.56<br>192.52 | 1282.56<br>63.52 |

| | | | |
|---|---|---|---|
| | ആകെ കുറവ് | | 4644.20<br>230.95 |
| 3 | ജോണിതോമസ്,വെള്ളാപ്പാണിയിൽ,പൊൻകുന്നം പി.ഒ | | |
| V/839A<br>15ച.മീ | ആകെ പ്ലിന്ത് ഏരിയ 751 ച.മീ.<br>അടിസ്ഥാന നികുതി 600.00<br>വർദ്ധനവ് റോഡ്20% 120.00<br>വർദ്ധനവ് തറ15% 00.00<br>ആകെ 720.00<br>ലൈബ്രറിസെസ് 36.00 | 900.00<br>180.00<br>135.00<br>1215.00<br>61.00 | 495.00<br>25.00 |
| V/839B<br>15ച.മീ | അടിസ്ഥാന നികുതി 600.00<br>വർദ്ധനവ് റോഡ്20% 120.00<br>വർദ്ധനവ് തറ15% 00.00<br>ആകെ 720.00<br>ലൈബ്രറിസെസ് 36.00 | 900.00<br>180.00<br>135.00<br>1215.00<br>61.00 | 495.00<br>25.00 |
| V/839C<br>63ച.മീ | അടിസ്ഥാന നികുതി 2520.00<br>വർദ്ധനവ് റോഡ്20% 504.00<br>വർദ്ധനവ് തറ15% 00.00<br>ആകെ 3024.00<br>ലൈബ്രറിസെസ് 152.00 | 3780.00<br>756.00<br>567.00<br>5103.00<br>256.00 | 2079.00<br>104.00 |

| | | | |
|---|---|---|---|
| V/839D<br>500ച.മീ | അടിസ്ഥാന നികുതി 20000.00<br>വർദ്ധനവ് റോഡ്20% 4000.00<br>വർദ്ധനവ് തറ15% 3000.00<br>ആകെ 27000.00<br>ലൈബ്രറിസെസ് 1350.00 | 30000.00<br>6000.00<br>4500.00<br>40500.00<br>2025.00 | 13500.00<br>675.00 |
| V/839E<br>30ച.മീ | അടിസ്ഥാന നികുതി 1200.00<br>വർദ്ധനവ് റോഡ്20% 240.00<br>വർദ്ധനവ് തറ15% 00.00<br>ആകെ 1440.00<br>ലൈബ്രറിസെസ് 72.00 | 1800.00<br>360.00<br>270.00<br>2430.00<br>122.00 | 990.00<br>50.00 |
| V/839F<br>30ച.മീ | അടിസ്ഥാന നികുതി 1200.00<br>വർദ്ധനവ് റോഡ്20% 240.00<br>വർദ്ധനവ് തറ15% 00.00<br>ആകെ 1440.00<br>ലൈബ്രറിസെസ് 72.00 | 1800.00<br>360.00<br>270.00<br>2430.00<br>122.00 | 990.00<br>50.00 |
| V/839G<br>30ച.മീ | അടിസ്ഥാന നികുതി 1200.00<br>വർദ്ധനവ് റോഡ്20% 240.00<br>വർദ്ധനവ് തറ15% 00.00<br>ആകെ 1440.00<br>ലൈബ്രറിസെസ് 72.00 | 1800.00<br>360.00<br>270.00<br>2430.00<br>122.00 | 990.00<br>50.00 |

| | | | |
|---|---|---|---|
| | | | |
| V/839H<br>68ച.മീ | അടിസ്ഥാന നികുതി 2720.00<br>വർദ്ധനവ് റോഡ്20% 544.00<br>വർദ്ധനവ് തറ15% 00.00<br>ആകെ 3264.00<br>ലൈബ്രറിസെസ് 164.00 | 4080.00<br>816.00<br>612.00<br>5508.00<br>276.00 | 2244.00<br>112.00 |
| | ആകെ | | 21783.00<br>1091.00 |
| 4 | മോഹനൻനായർ,പൊൻപാറ,പൊൻകുന്നം പി.ഒ<br>ആകെ പ്ലിന്ത് ഏരിയ 200.72 ച.മീ; | | |
| XVIII/133A<br>24.51ച.മീ | അടിസ്ഥാന നികുതി 980.40<br>വർദ്ധനവ് റോഡ്20% 196.08<br>വർദ്ധനവ് തറ15% 00.00<br>ആകെ 1177.00<br>ലൈബ്രറിസെസ് 59.00 | 1470.60<br>294.12<br>000.00<br>1764.72<br>88.00 | 587.72<br>29.00 |
| XVIII/133B<br>24.51ച.മീ | അടിസ്ഥാന നികുതി 980.40<br>വർദ്ധനവ് റോഡ്20% 196.08<br>വർദ്ധനവ് തറ15% 00.00<br>ആകെ 1177.00<br>ലൈബ്രറിസെസ് 59.00 | 1470.60<br>294.12<br>000.00<br>1764.72<br>88.00 | 587.72<br>29.00 |

| | | | |
|---|---|---|---|
| | | | |
| XVIII/133C<br>45.95ച.മീ | അടിസ്ഥാന നികുതി 1838.00<br>വർദ്ധനവ് റോഡ്20% 367.60<br>വർദ്ധനവ് തറ15% 00.00<br>ആകെ 2206.00<br>ലൈബ്രറിസെസ് 111.00 | 2757.00<br>551.40<br>000.00<br>3308.40<br>166.00 | 1102.40<br>55.00 |
| XVIII/133D<br>58.62ച.മീ | അടിസ്ഥാന നികുതി 2344.80<br>വർദ്ധനവ് റോഡ്20% 468.96<br>വർദ്ധനവ് തറ15% 00.00<br>ആകെ 2814.00<br>ലൈബ്രറിസെസ് 141.00 | 3517.20<br>703.44<br>00.00<br>4220.64<br>211.00 | 1406.64<br>70.00 |
| XVIII/133E<br>47.13ച.മീ | അടിസ്ഥാന നികുതി 1885.20<br>വർദ്ധനവ് റോഡ്20% 377.04<br>വർദ്ധനവ് തറ15% 00.00<br>ആകെ 2263.00<br>ലൈബ്രറിസെസ് 114.00 | 2827.80<br>565.56<br>00.00<br>3393.36<br>170.00 | 1130.36<br>56.00 |
| | ആകെ | | 4814.84<br>239.00 |
| 5 | എൻ.എം ഷെറീഫ്, കല്ലംപറമ്പിൽ ,പൊൻകുന്നം<br>ആകെ പ്ലിന്ത് ഏരിയ 198.47 ച.മീ. | | |

| | | | |
|---|---|---|---|
| XX/711<br>32.60ച.മീ | അടിസ്ഥാന നികുതി 1304.00<br>വർദ്ധനവ് റോഡ്20% 260.80<br>വർദ്ധനവ് തറ15% 00.00<br>ആകെ 1565.00<br>ലൈബ്രറിസെസ് 79.00 | 1956.00<br>391.20<br>00.00<br>2347.20<br>117.36 | 782.20<br>38.36 |
| XX/711A<br>66.15ച.മീ | അടിസ്ഥാന നികുതി 2646.00<br>വർദ്ധനവ് റോഡ്20% 529.20<br>വർദ്ധനവ് തറ15% 00.00<br>ആകെ 3176.00<br>ലൈബ്രറിസെസ് 159.00 | 3969.00<br>793.80<br>00.00<br>4762.80<br>238.14 | 1586.80<br>79.14 |
| XX/711B<br>99.72ച.മീ | അടിസ്ഥാന നികുതി 3988.80<br>വർദ്ധനവ് റോഡ്20% 797.76<br>വർദ്ധനവ് തറ15% 00.00<br>ആകെ 4787.00<br>ലൈബ്രറിസെസ് 240.00 | 5983.20<br>1196.64<br>00.00<br>7179.84<br>359.00 | 2392.84<br>119.00 |
| | ആകെ | | 4761.84<br>236.50 |
| 6 | സിബി.പി.മാർട്ടിൻ,പൊട്ടനാനിക്കൽ,പൊൻകുന്നം<br>പ്ലിന്ത് ഏരിയ 121.51 ച.മീ. | | |

| | | | |
|---|---|---|---|
| XX/201A<br><br>121.51ച.മീ | അടിസ്ഥാന നികുതി 4860.40<br><br>വർദ്ധനവ് റോഡ്20% 972.08<br><br>വർദ്ധനവ് തറ15% 00.00<br><br>ആകെ 5833.00<br><br>ലൈബ്രറിസെസ് 292.00 | 7290.60<br><br>1458.12<br><br>00.00<br><br>8748.72<br><br>438.00 | 2915.72<br><br>146.00 |
| | ആകെ | | 2915.72<br><br>146.00 |
| 7 | കെ.അർ.മോഹനൻ പിള്ള,തണ്ണിപ്പാറ, പൊൻകുന്നം<br>പ്ലിന്ത് ഏരിയ 171.06 ച.മീ. | | |
| XX/699E<br><br>171.06ച.മീ | അടിസ്ഥാന നികുതി 6842.40<br><br>വർദ്ധനവ് റോഡ്20% 1368.48<br><br>വർദ്ധനവ് തറ15% 00.00<br><br>ആകെ 8211.00<br><br>ലൈബ്രറിസെസ് 411.00 | 10263.60<br><br>2052.72<br><br>00.00<br><br>12316.32<br><br>616.00 | 4105.32<br><br>205.00 |
| | ആകെ | | 4105.32<br><br>205.00 |
| | ആകെ കുറവ് | | 56739.16<br><br>2830.31 |

മേൽ വിഷയത്തിലുള്ള വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയിട്ടില്ല.കുറവു വന്ന നികുതി നിശ്ചിത സമയപരിധിക്കുള്ളിൽ ഡിമാന്റ് ചെയ്ത് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2-2 വിമുക്തഭടൻമാർക്ക് വസ്തുനികുതി ഇളവ്-സ.ഉ (എം.എസ്)242/13 ത.സ്വ.ഭ.വ തീയതി 2-7-2013 പാലിക്കുന്നില്ല.

വിമുക്തഭടൻമാർക്ക് വസ്തുനികുതി ഇളവ് നല്കുന്നത് സംബന്ധിച്ച് 2-7-2013ൽ സർക്കാർ പുറപ്പെടുവിച്ച (എം.എസ് )242/13 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമുള്ള നടപടികൾ പാലിക്കുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

- ഇളവനുവദിച്ച കെട്ടിടങ്ങളുടെ വിശദവിവരം ഉൾക്കൊള്ളുന്ന രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.
- ഒരിക്കൽ ഇളവനുവദിച്ച കെട്ടിടങ്ങളുടെ ഉടമകൾ എല്ലാ വർഷവും ഏപ്രിൽ 10 ന് മുൻപ് തൻവർഷത്തെ ഇളവിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷയോടൊപ്പം മറ്റ് കെട്ടിടങ്ങൾക്ക് നികുതി ഇളവ് ലഭിക്കുന്നില്ല എന്ന സത്യവാങ്മൂലം സമർപ്പിക്കേണ്ടതുമാണെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല.
- ഇളവനുവദിച്ചതും, ഡിമാന്റ് രജിസ്റ്ററിൽ നിന്നും ഒഴിവാക്കപ്പെട്ടതും, മേൽ നിർദ്ദേശങ്ങൾ പാലിക്കാത്തതുമായ കെട്ടിടഉടമകൾക്കുള്ള ഉദാഹരണം ചുവടെ ചേർക്കുന്നു

| കെട്ടിടഉടമ/ കെട്ടിട നംപർ | നിശ്ചയിച്ചിട്ടുള്ള നികുതി<br>നികുതി+ലൈബ്രറിസെസ് |
|---|---|
| എം.റ്റി ജോർജ് IV/252 | 756+38 |
| ജോൺമാത്യു VIII/83 | 1204+61 |
| എബ്രഹാംജേക്കബ് VIII/311 | 840+42 |
| സജിമോൻ കെ VIII/346 | 135+7 |
| ഗോപാലകൃഷ്ണൻ നായർ VIII/355 | 125+7 |
| പ്രമോദ് IX/517 | 1800+90 |

മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾക്കും സർക്കാർ ഉത്തരവുപാലിക്കാതെ മേൽ സൂചിപ്പിച്ചവർക്ക് നികുതി ഒഴിവാക്കി നല്കിയതിനും വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയിട്ടില്ല.എല്ലാ കെട്ടിടങ്ങളും ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതും അർഹരായവർക്കുമാത്രമാണ് നികുതി ഉളവ് നല്കുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 2-2-3 വസ്തുനികുതി- അനർഹമായ ഇളവുകൾ നൽകുന്നു

ഗ്രാമ പഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട സഞ്ചയ റവന്യൂമൊഡ്യൂൾ-പ്രോപ്പർട്ടി ടാക്സ് പരിശോധിച്ചതിൽ, കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-207 പ്രകാരം നികുതി നിർണയത്തിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ ലിസ്റ്റ് ഉള്ളതായി കണ്ടു. എന്നാൽ നിയമപരമായി നികുതി ഒഴിവാക്കപ്പെടേണ്ട കെട്ടിടങ്ങൾക്കുപുറമേ നികുതിയിളവിന് അർഹതയില്ലാത്ത പല കെട്ടിടങ്ങളും ഈ ലിസ്റ്റിൽ ഉൾപ്പെട്ടതായി കണ്ടു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | കെട്ടിടം |
|---|---|---|
| 1 | 8/209 B | ചിറക്കടവ് സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് |
| 2 | 6/251 | നെഹ്റു മെമ്മോറിയൽ ക്ളബ് |
| 3 | 8/583 | സെക്രട്ടറി,അഖിലഭാരത അയ്യപ്പ സേവാസംഘം |
| 4 | 13/222 | സെക്രട്ടറി,ഭഗവതി വിലാസം കരയോഗം നം 74 |
| 5 | 8/200A | കാത്തോലിക്ക് ക്ളബ് |

| | | |
|---|---|---|
| 6 | 8/202 | അഡ്മിനിസ്ട്രേറ്റർ മാർ അപ്രേം ഹോസ്പിറ്റൽ വിസ്തീർണം 1500 ച.മീ. |
| 7 | 9/65 | ചെറിയത്താഴത്ത് ദേവി വിലാസം കുടുംബയോഗം |
| 8 | 17/236 | സെക്രട്ടറി നവശക്തി ആർട്സ്&സ്പോർട്സ് ക്ളബ് |

നികുതി ചുമത്തുന്നതിൽ നിന്നും ഒഴിവാക്കിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചിട്ടില്ല. ഇത്തരത്തിൽ നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളെ സംബന്ധിച്ച് വിശദമായ പരിശോധന നടത്തേണ്ടതും അനർഹമായ വസ്തുനികുതി ഇളവുകൾ കൈപ്പറ്റുന്ന സ്ഥാപനങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ച് ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതുമാണ്.

## 2-2-4 മൊബൈൽ ടവറുകൾ നികുതി ഈടാക്കുന്നില്ല

20 വാർഡുകളുള്ള പഞ്ചായത്തിൽ 4 മൊബൈൽ ടവറുകൾക്ക് മാത്രമാണ് മാത്രമാണ് വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടുള്ളത്. മുഴുവൻ ടവറുകളുടെയും വസ്തുനികുതി ഡിമാന്റ് ചെയ്യാത്തതുമൂലം പഞ്ചായത്തിൽ ഈ ഇനത്തിലുണ്ടാകുന്ന നികുതി ചോർച്ച വലുതാണ് .പഞ്ചായത്തിൽ ഉള്ള എല്ലാ മൊബൈൽ ടവറുകളും നികുതി വിധേയമാണ് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 2-3-1 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ തൊഴിൽനികുതി ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചപ്പോൾപൊൻകുന്നം ഒന്നാം അർദ്ധ വർഷത്തിൽ പൊൻകുന്നം പൊലീസ് സ്റ്റേഷനിലെ ചുവടെ ചേർത്തിരിക്കുന്ന ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി തൊഴിൽനികുതി ഈടാക്കിയിട്ടില്ല.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|
| രേഖാ റാം | 140041 | 1000 | 1250 | 250 |
| ഷീന. കെ.കെ | 140049 | 1000 | 1250 | 250 |
| സാനി എലിസബത്ത് പോൾ | 144145 | 1000 | 1250 | 250 |
| ഷാജിമോൻ. പി.ഇ | 170335 | 1000 | 1250 | 250 |
| ജോൺസൺ റ്റി.എസ് | 170439 | 1000 | 1250 | 250 |
| റോഷിന അലവി | 188346 | 1000 | 1250 | 250 |

ആകെ 1500

നികുതി ഈടാക്കിയപ്പോൾ കുറവ് വന്ന തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.മാത്രമല്ല പ്രസ്തുത സ്ഥാപനത്തിൽ നിന്നും സമർപ്പിച്ചിട്ടുള്ള ജീവനക്കാരുടെ പത്രികയിൽ ജീവനക്കാരുടെ ശമ്പള വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. പത്രികയിൽ നിഷ്കർഷിച്ചിരിക്കുന്നതുപോലെ ജീവനക്കാരുടെ ശമ്പളം സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ സ്ഥാപനമേലധികാരി സമർപ്പിക്കു ന്നുണ്ടെന്നും,ആയതനുസരിച്ച് നികുതി ഈടാക്കുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

## 2-3-2 തൊഴിൽനികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ ധാരാളം സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളും,കള്ളുഷാപ്പുകളും

പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയ്ക്ക് ലൈസൻസ് നൽകുന്നതിനും,തൊഴിൽ നികുതി ഈടാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടില്ല.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാസ്ഥാപനങ്ങൾക്കും ലൈസൻസ് ഉണ്ടെന്ന് ഉറപ്പാക്കേണ്ടതും,നിയമം അനുശാസിക്കുന്ന രീതിയിൽ ജീവനക്കാരുടെ തൊഴിൽ നികുതി,സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കേണ്ടതുമാണ്.

## 2-4 ഷോപ്പിംഗ് കോംപ്ലക്സ് വാടക – ബൈലോ തയ്യാറാക്കിയിട്ടില്ല,

ഷോപ്പിംഗ് സെന്റർ ഉള്ള പഞ്ചായത്തുകൾ അവ വാടകക്ക് നല്കുന്നതിന് ബൈലോ തയ്യാറാക്കി പഞ്ചായത് ഡയറക്ടറുടെ അംഗീകാരം വാങ്ങണമെന്ന് സർക്കാർ നിർദ്ദേശം ഉള്ളതാണ് . എന്നാൽ 100 മുറികൾ വാടകക്ക് നല്കിയിട്ടുള്ള പഞ്ചായതിന് നിയമാനുസൃതമുള്ള ബൈലോ ഇല്ലെന്നത് ഇവയുടെ ലേലം, തുടർ നടപടികൾ എന്നിവയുടെ സുതാര്യത ഇല്ലാതാക്കുന്നു.വാടകക്കാരുമായുള്ള കോടതിവ്യവഹാരങ്ങളെയും ഇത് ബാധിക്കാനുള്ള സാദ്ധ്യതയുണ്ട്.വാടക രജിസ്റ്റർ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

- അറ്റകുറ്റപ്പണിയുള്ളതിനാൽ 4 മുറികൾ ലേലം ചെയ്ത് നല്കിയിട്ടില്ല. ആവശ്യമായ അറ്റകുറ്റപ്പണി നടത്തി മുറികൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.
- ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കോടതിവ്യവഹാരമുള്ള മുറിയുടെ കൈവശക്കാരനിൽ നിന്നും വാടക പിരിക്കുന്നില്ല. ആവശ്യമായ നിയമോപദേശം ലഭ്യമാക്കി വാടക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
- 2625/- രൂപ വീതം വാടക ലഭിച്ചിരുന്ന 62,63 കടമുറികൾ 22-8-2015 ലെ 3-ം നമ്പർ തീരുമാനപ്രകാരം വാടകരഹിതമായി ചിറക്കടവ് സ്വാശ്രയ കാർഷിക വികസന സമിതിക്ക് നല്കിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനവുമായി കരാർപോലും തയ്യാറാക്കാത്തതും നാമമാത്ര വാടകപോലും ഈടാക്കാത്തതും മുറി അന്യാധീനപ്പെടുന്നതിന് കാരണമായേക്കാം.

ബൈലോ തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ മുറികൾ ലേലം ചെയ്തു നല്കുന്നകിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

## 2-5 തേക്കിൻതടി ലേലം ചെയ്തില്ല.

അസി.ഫോറസ്റ്റ് കൺസർവേറ്ററുടെ 1-3-16ലെ എസ്.എഫ്.-2-144/206 കത്ത് പ്രകാരം മഹാത്മാ ഗാന്ധി ടൗൺഹാൾ കോംപൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള മൂന്ന് തേക്കിൻ തടി കഷണങ്ങളുടെ വാല്വേഷൻ 21968/-രൂപയായി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തടികൾ നാളിതുവരെയായും ലേലം ചെയ്തിട്ടില്ല.ലേലനടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കടത്ത് കൂലി പൊതുമരാമത്ത് വകുപ്പിൽ നിന്നും ഈടാക്കിയിട്ടില്ല

പഞ്ചായത്ത് കമ്മിറ്റിയുടെ 27/7/15 ലെ തീരുമാനം നം 9 പ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ ചുമതലയിൽ ഉണ്ടായിരുന്നതും പഞ്ചായത്തിന് കൈമാറുകയും ചെയ്ത കടത്തുകളിൽ കടത്ത് നടത്തുന്നവർക്കുള്ള കൂലി നൽകുന്നതിനുള്ള ചെലവ് പഞ്ചായത്തുകൾക്ക് തിരികെ നൽകുന്നതിന് സർക്കാർ ഉത്തരവായിട്ടുള്ള ഈ സാഹചര്യത്തിൽ പഞ്ചായത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ചുമതലയിൽ ഉണ്ടായിരുന്നതും ഇപ്പോൾ ദിവസവേതനത്തിൽ പഞ്ചായത്ത് നടത്തിക്കൊണ്ടുവരുന്നതുമായ വാളക്കയം കടവിലെ കടത്തുകാരനും പൊതുമരാമത്ത് വകുപ്പിന്റെ നിരക്കിൽ 1/8/15 മുതൽ കൂലി നൽകുന്നതിനും ഈയിനത്തിൽ ചെലവു വരുന്ന തുക മരാമത്ത് വകുപ്പിൽ നിന്നും ഈടാക്കുന്നതിനും തീരുമാനിച്ചിരുന്നു. വൗച്ചർ പരിശോധിച്ചതിൽ 11/15 മുതൽ വാളക്കയം കടവിലെ കടത്തുകാരന് 396/-രൂപ നിരക്കിൽ നൽകിയിട്ടുണ്ട്.ആയത് നാളിതുവരെ തിരികെ ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ വാളക്കയം കടത്തിൽ കടത്തു നടത്തുന്നവർക്കുള്ള കൂലി പൊതുമരാമത്ത് വകുപ്പിൽ നിന്നും ഈടാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. കടത്തുകൂലി തിരികെ ഈടാക്കി തുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

## 3-2 പഞ്ചായത്ത് ഓഫീസ് നിർമ്മാണം അധികച്ചെലവ്

| | |
|---|---|
| പ്രോജക്ട് | പഞ്ചായത്ത് ഓഫീസ് നിർമ്മാണം |
| പ്രോജക്ട് നംപർ | 204/16 |
| അളവുപുസ്തകം | 10-A/14-16 |
| കരാറുകാരൻ | ജോളിജോൺ |
| അടങ്കൽ | 21330099/- |
| ചെലവ് | 13084150 |
| ഡി.ഡി നംപർ | 873528/1.12.2015 (അവസാനം നല്കിയത്) |

മേൽ പദ്ധതിയുടെ എക്സ്ട്രാ ഇനം ഇ1 ആയി ആയി 221133.99 രൂപ ചെലവിൽ ചെയ്ത ഫാൾസ് സീലിംഗ് ഭൗതിക പരിശോധന നടത്തിയതിൽ നിലവിൽ പല ഭാഗങ്ങളിലും സീലിംഗ്ഇളകിയ നിലയിലാണ്. പ്രോജക്റ്റിപ്പോർട്ടിനൊപ്പം അംഗീകാരം ലഭിച്ച ഡാറ്റ പ്രകാരം ചെലവ് ച.മീറ്ററിന് 831/-രൂപയാണ് . എന്നാൽ പുതുക്കിയ എസ്റ്റിമേറ്റിൽ 957/-ച.മീറ്ററിന് വകയിരുത്തുകയും പ്രസ്തുത നിരക്കിൽ തുക നല്കുകയുമാണ് ചെയ്തത്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ വരുത്തിയ മാറ്റമാണ് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഡാറ്റ പരിശോധനക്ക് നല്കിയിട്ടില്ല.

എക്സ്ട്രാ ഇനം ഇ2 ആയി ചെയ്ത പോളികാർബണേറ്റ് ഷീറ്റ് റൂഫിംഗിന് (5മി.മീ കനം)50.54ച.മീ ന് 6117.39/ച.മീ നിരക്കിൽ 309172.89 രൂപ ചെലവഴിച്ചു.പ്രാഥമിക പരിശോധനയിൽ ഷീറ്റിന്റെ കനം ഓഡിറ്റിൽ ബോധ്യപ്പെടാത്തതിനാൽ വിശദീകരണം ആവശ്യപ്പെടുകയും പുന പരിശോധന നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ കനം 4മി മീ ആണെന്ന് രേഖാമൂലം അറിയിക്കുകയും ചെയ്തു.ഇതു പ്രകാരം അധികം നല്കിയ തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| നല്കിയ നിരക്ക്(5മി.മീ) | | | നല്കാവുന്ന നിരക്ക്(4മി.മീ) | |
|---|---|---|---|---|
| | നിരക്ക് | തുക | നിരക്ക് | തുക |
| 10.5 ച.മീ കനം പോളികാർബണേറ്റ്,ഷീറ്റ് | 4968/ച.മീ | 52164.00 | 4347/ച.മീ | 45643.50 |
| 1.5കി ഗ്രാം ബോൾട്ട് | 81 | 121.50 | 81 | 121.50 |
| 22 ബിറ്റുമിൻ വാഷർ | 3 | 6.60 | 3 | 6.6 |
| 1.35 കാർപെന്റർ | 500 | 675.00 | 500 | 675.00 |
| 1.35 പുരുഷകൂലി | 377 | 508.95 | 377 | 508.95 |
| Ls | | 10.00 | Ls | 10.00 |
| | | 53486.05 | | 46965.55 |
| 10% സി.പി | | 5347.61 | | 4696.55 |
| 5% ഓവർഹെഡ്ചാർജ് | | 2674.30 | | 2348.27 |
| ആകെ | | 61507.96 | | 54010.37 |
| | | 6150.80/ച.മീ | | 5401.03/ച.മീ |

വ്യത്യാസം 6150.80-5401.03=749.77രൂപ/ച.മീ

ഡാറ്റ പ്രകാരം 6150രൂപ/ച.മീ ആണെങ്കിലും6117.39 രൂപ /ച.മീ നിരക്കിലാണ് എക്സിക്യൂട്ടീവ്എഞ്ചിനീയർ അംഗീകാരം നല്കിയിട്ടുള്ളതും കരാറുകാരന് തുക നല്കിയിട്ടുള്ളതും.4മി.മീ കനം ഷീറ്റിന് അനുവദനീയമായ 5401.037രൂപ/ച.മീ നിരക്ക് പ്രകാരം കരാറുകാരന് നല്കാവുന്ന തുക50.54*5401.03=272968.05രൂപയാണ്.അധികം നല്കിയത് 309172.89-272968.05=36204.084രൂപ. അധികം നല്കിയ തുക ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ട് ഹെഡിൽ അടക്കേണ്ടതാണ്.

## 3-3 കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ചെയ്യേണ്ടിയിരുന്ന വേലയ്ക്ക് പഞ്ചായത്ഫണ്ട് ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് | മുട്ടത്തുകവല കടിവെള്ള പദ്ധതി |
| പ്രോജക്ട് നംപർ | 250/16 |

| | |
|---|---|
| അളവുപുസ്തകം | 143/15-16തീ 29-2-16 |
| കൺവീനർ | എൻ.റ്റി.ശോഭന |
| അടങ്കൽ | 478350/- |
| ചെലവ് | 379281/- |

ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം വാട്ടർ അതോറിറ്റിയുടെ കുഴിയെടുക്കൽ മൂലം പൈപ്പ് ലൈൻ പൊട്ടിയ 265 മീറ്റർ നീളത്തിൽ 75 മി.മീ പി.വി.സി പൈപ്പ് സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അളവുപുസ്തകം പ്രകാരം ഈ ഇനത്തിൽ 94048.50 രൂപ ചെലവഴിച്ചിട്ടുമുണ്ട്. നിലവിലുള്ള ചട്ടങ്ങൾ പ്രകാരം മണ്ണ് പണി നടക്കുമ്പോൾ നിലവിലുള്ള കുടിവെള്ളപൈപ്പ് ലൈൻ,കേബിളുകൾ , സമീപസ്ഥ കെട്ടിടങ്ങൾ തുടങ്ങിയവക്ക് സംരക്ഷണം ഉറപ്പാക്കുക ,പണിക്കിടെ സംഭവിക്കുന്ന കേടുപാടുകൾ സ്വന്തം ഉത്തരവാദിത്വത്തിൽ പരിഹരിക്കുക എന്നിവ കരാറുകാരന്റെ ഉത്തരവാദിത്വമാണ്.ഈ സാഹചര്യത്തിൽ പഞ്ചായത്തിന്റെ പൈപ്പ് ലൈൻ കേടുപാടുകൾ വരുത്തിയ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ചെയ്യേണ്ടിയിരുന്ന വേലയ്ക്ക് പഞ്ചായത്ഫണ്ട് ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയിട്ടില്ല.പഞ്ചായത്തിനുണ്ടായ നഷ്ടം ബന്ധപ്പെട്ട ജലവിഭവ വകുപ്പ് കരാറുകാരനിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 ഫർണ്ണിച്ചർ വാങ്ങൽ-സാധനങ്ങൾ പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല

പ്രോജക്റ്റ് നം -196/16

നിർവഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

ചെലവ്- 125000/-(ഡിഡി നം511639/22.8.15)

ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിനായി അംഗൻവാടികൾ,സ്കൂളുകൾ ,എ.ഇ ഓഫീസ് എന്നിവിടങ്ങളിലേക്ക് ഫർണ്ണിച്ചർ വാങ്ങി നൽകുന്നതിനായി സിഡ്കോയിൽ നിന്നും താഴെപ്പറയുന്ന സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

| ഉപകരണം | എണ്ണം | വില/1എണ്ണം |
|---|---|---|
| സ്റ്റീൽ കാബിനറ്റ് | 6 | 8553 |
| സ്റ്റീൽ റാക്ക് | 4 | 3369 |
| ബെഞ്ച് | 10 | 2309 |
| ഡെസ്ക്ക് | 12 | 3092 |

എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ സ്റ്റീൽ കാബിനറ്റ്- 4എണ്ണം, സ്റ്റീൽ റാക്ക്- 4എണ്ണം, ഡെസ്ക്ക് - 2എണ്ണം എന്നിവ വിതരണം ചെയ്യാൻ അവശേഷിക്കുന്നതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ സാധനങ്ങൾ കൈപ്പറ്റുവാൻ സ്ഥാപനമേധാവിക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.ആയതിനാൽ വിതരണം നടത്താത്ത സാധനങ്ങൾക്ക് ചെലവഴിച്ച 53872/-രൂപ തടസ്സപ്പെടുത്തുന്നു

## 3-5 തുകയുടെ വിനിയോഗം/പ്രോജക്റ്റിന്റെ പൂർത്തീകരണവിവരം ഇല്ല.

ചുവടെ ചേർക്കും പ്രകാരമുള്ള തുകയുടെ വിനിയോഗം / പ്രോജക്റ്റിന്റെ പൂർത്തീകരണ വിവരങ്ങൾ ഇല്ല. ഇക്കാരണത്താൽ പ്രസ്തുതചെലവുകൾ തടസ്സപ്പെടുത്തുന്നു.

| ക്രമനം. | പ്രോജക്റ്റ് | നിർവഹണോദ്യോഗസ്ഥൻ | ചെലവ് | തുക കൈപ്പറ്റിയത് | ബിൽ/ഡി.ഡി യുടെ വിവരം | റിമാർക് |
|---|---|---|---|---|---|---|
| 1 | മീഡിയാശ്രീ | അസി.സെക്രട്ടറി | 65000/ | ജില്ലാമിഷൻ കോർഡിനേറ്റർ, | ബിൽനം.874029/22-4-16 | നാളിതുവരെ നപടികൾ |

| | | | | | | |
|---|---|---|---|---|---|---|
| | | | | കുടുംബശ്രീ,കോട്ടയം | | ആരംഭിച്ചിട്ടില്ല. |
| 2 | പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി | വെറ്ററിനറി സർജൻ | 312500 | അസി.ഡയറക്ടർ, കാലിത്തീറ്റ സബ്സിഡി പ്രോഗ്രാം, കോട്ടയം | 62674/29-12-15 | വിശദാംശങ്ങൾ ലഭ്യമല്ല. |
| 3 | ഐ.എ.വൈ. ഭവനം-സഹകരണ സ്ഥാപനവായ്പ-പലിശ തിരിച്ചടവ്, ടി.എസ്.പി | സെക്രട്ടറി | 50000 | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, വാഴൂർ. | 58287/15-4-16 | തുകയുടെ രസീത് ലഭിച്ചു. |
| 4 | - ടി - എസ്.സി.പി | -ടി - | 750000 | ടി | 57635/2-4-16 | ടി- |
| 5 | - ടി -,ജനറൽ | -ടി - | 649116 | -ടി - | 57636/2-4-16 | -ടി - |
| | ആകെ | | 1826616 | | | |

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 300000/- രൂപ വരവുണ്ട് .ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| സമ്പൂർണ്ണ ഭവനപദ്ധതി | 78946/DB1/13 LSGD dtd 11-2-14 | 60,00,000/- | 3406297 | 791437- | | 2914860 |

വാർഷികകണക്ക് പ്രകാരം സെക്യൂവേഡ് ലോൺ ഇനത്തിൽ 2296446/-രൂപയാണ് അടയ്ക്കാൻ അവശേഷിക്കുന്നത്.

### 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 11349508 |
| തൻവർഷം നിക്ഷേപിച്ച തുക | 1062517.66 |

| | |
|---|---|
| ആകെ | 12412025.66 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 12412025.66 * |

*വാർഷിക കണക്ക് പ്രകാരം 11349508 രൂപയാണ് കാണിച്ചിട്ടുള്ളത്

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| സിൻഡിക്കേറ്റ് ബാങ്ക് A/C No 4352458000015 | 12412025.66 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയതുക | ഒടുക്കിയആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 2011-12 | 3 | 2000 | ഷിബുമോൻ.എം.കെ | 11504500012 /7.6.15 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 56995292 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 69527297 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1500 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 36204 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1880488 |

**(ബി).** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് | സർചാർജ് | |
| 2-3-1 | 1500 | | ശ്രീ. പി.ടി. ഉസ്മാൻ , സെക്രട്ടറി |
| 3-2 | | 36204 | ശ്രീ. പി.ടി. ദിലീപ് കുമാർ, അസിസ്റ്റന്റ് എൻജിനിയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 53872 | ശ്രീ. പി.ടി. ഉസ്മാൻ, സെക്രട്ടറി |
| 3-5-1 | 65000 | ശ്രീമതി ഗിരിജകുമാരി അയ്യപ്പൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-5-2 | 312500 | ഡോ. ഡെന്നീസ് ജോസഫ്, വെറ്ററിനറി സർജൻ |
| 3-4-5 | 1449116 | ശ്രീമതി ഗിരിജകുമാരി അയ്യപ്പൻ സെക്രട്ടറി ഇൻചാർജ് |
| | 1880488 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പി.ടി. ഉസ്മാൻ | റിട്ടയർ ചെയ്തു | പുത്തൻവീട്ടിൽ , പൊൻകുന്നം, |
| ശ്രീ. എ.ടി. ദിലീപ്കുമാർ , അസിസ്റ്റന്റ് എൻജിനിയർ | | പാറയ്ക്കൽ, അമ്മൻകോവിൽ റോഡ്, ഏറ്റുമാനൂർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1989-90& 1990-91 | എൽ.എഫ്.കെ.പി3-1245/94/3.5.94 /12.7.94 | - |
| 1991-92& 1992-93 | എൽ.എഫ്.കെ.പി5-712/96/15.4.97/5.7.97 | |

| | | |
|---|---|---|
| 1993-94 | എൽ.എഫ്.കെ.പി3 – 514/97/27.2.98 /8.3.99 | |
| 1994-95 | എൽ.എഫ്.കെ.പി3 – 449/99/21.6.99 /9.8.99 | |
| 1996-97 | എൽ.എഫ്.കെ.പി4 –930/2000/15.11.00 /4.12.00 | |
| 1997-98 (ചെലവ്) | എൽ.എഫ്.കെ.പി4 – 68/00/9.5.00/8.7.02 | |
| 1999-00 | എൽ.എഫ്.കെ.പി5 – 380/Ada/14/29.5.14 | 15 |
| 2000-01 | എൽ.എഫ്.കെ.പി4 – 179/03/10.10.03 /6.12.03 | |
| 2001-02 | എൽ.എഫ്.കെ.പി4 – 648/04/14.2.05 /1.8.05 | |
| 2002-03 (ചെലവ്) | എൽ.എഫ്.കെ.പി4 – 673/05/16.12.05 /6.2.06 | |
| 2003-04 (ചെലവ്) | എൽ.എഫ്.കെ.പി11 – 681/06/23.12.06 /16.1.07 | |
| 1998-99 | എൽ.എഫ്.കെ.പി11 – 1064/07/25.2.08 /4.4.08 | |
| 2002-03 | എൽ.എഫ്.കെ.പി5 – 1065/07/26.5.08 /30.7.08 | |
| 2003-04 | എൽ.എഫ്.കെ.പി5 – 1066/07/26.5.08 /30.7.08 | |
| 2004-05 | എൽ.എഫ്.കെ.പി5 – 1044/07/26.5.08 /30.7.08 | |
| 2005-06 | എൽ.എഫ്.കെ.പി5 – 143/09/11.11.15 | 5 |
| 2006-07 | എൽ.എഫ്.കെ.പി5 – 64/09/11.11.15 | 5 |
| 2007-08 | എൽ.എഫ്.കെ.പി5 – 435/10/11.11.15 | 3 |
| 2008-09 | എൽ.എഫ്.കെ.പി5 – 436/10/11.11.15 | 2 |

| | | |
|---|---|---|
| 2009-10 | എൽ.എഫ്.കെ.പി5 – 694/11/4.12.12 | |
| 2010-11 | എൽ.എഫ്.കെ.പി5 – 1646/13/30.1.14 | |
| 2011-12 | എൽ.എഫ്.കെ.പി5 – 497/13/12.7.14 | |
| 2012-13 | എൽ.എഫ്.കെ.പി5 – 1500/14/29.2.16 | 15 |
| 2013-14 | കെ.എസ്.എ.കെ.ടി.എം പി5/1017/16/3.9.16 | 31 |
| 2014-15 | കെ.എസ്.എ.കെ.ടി.എം പി5/1046 /16/26.7.16 | 35 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-കെ.ടി.എം.പി5/1944/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in
തീയതി: 31.12.16

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ്

നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ **2015-16** വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻസാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാനഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം